# വൈദ്യുതി വാങ്ങൽ കരാർ റദ്ദാക്കിയതിന് പിന്നിലെ അഴിമതി അന്വേഷിക്കണം: കെ മുരളീധരൻ



കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐഎൻടിയുസി) സംസ്ഥാന കമ്മിറ്റി തിരുവനന്തപുരം വൈദ്യുതി ഭവന് മുന്നിൽ സംഘടിപ്പിച്ച രാപ്പകൽ സമരത്തിന്റെ സമാപന യോഗം കെ മുരളീധരൻ എംപി ഉദ്ഘാടനം ചെയ്യുന്നു

തിരുവനന്തപുരം: യുഡിഎഫ് ഭരണകാലത്ത് ഒപ്പുവച്ച വൈദ്യുതി വാങ്ങൽ കരാർ റദ്ദാക്കി കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങിയതിലൂടെ കെഎസ്ഇബിക്ക് സാമ്പത്തിക നഷ്ടം വരുത്തിവച്ചതിന് പിന്നിലെ അഴിമതി അന്വേഷിച്ച് ഉത്തരവാദികളെ ശിക്ഷിക്കണമെന്ന് കെ.മുരളീധരൻ എംപി പ്രസ്താവിച്ചു. പിഎസ്സിയെ നോക്കുകുത്തിയാക്കി വിവിധ സ്ഥാപനങ്ങളിൽ സിപിഎം അനുഭാവികളെ കുത്തിനിറക്കുകയാണ്. ഘടകകക്ഷി മന്ത്രിയെ മൂകസാക്ഷിയാക്കി സിപിഎമ്മിന്റേയും സിഐടിയുവിന്റേയും അജണ്ടകളാണ് വൈദ്യുതി ബോർഡിൽ നടപ്പിലാക്കുന്നത്. വൈദ്യുതോൽപ്പാദനം വർധിപ്പിക്കുവാൻ ആവശ്യമായ ക്രിയാത്മക നടപടികൾ സ്വീകരിക്കാത്ത കഴിഞ്ഞ ഏഴര വർഷത്തെ ഇടതുഭരണം തികഞ്ഞ പരാജയമായിരുന്നു. കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐഎൻടിയുസി) സംസ്ഥാന കമ്മിറ്റി തിരുവനന്തപുരം വൈദ്യുതി ഭവന് മുന്നിൽ സംഘടിപ്പിച്ച രാപ്പകൽ സമരത്തിന്റെ സമാപന യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സംസ്ഥാന പ്രസിഡന്റ് കെ പി ധനപാലൻ അധ്യക്ഷത വഹിച്ചു. മാത്യു കുഴൽനാടൻ എംഎൽഎ, കെപിസിസി ജനറൽ സെക്രട്ടറി ജി സുബോധൻ, ഐഎൻടിയുസി അഖിലേന്ത്യ സീനിയർ സെക്രട്ടറി കെ സുരേഷ് ബാബു, കോൺഫെഡറേഷൻ സംസ്ഥാന വർക്കിങ് പ്രസിഡന്റ് സിബികുട്ടി ഫ്രാൻസിസ്, ജനറൽ സെക്രട്ടറി വി സുധീർകുമാർ, ചുമട്ടുതൊഴിലാളി കോൺഗ്രസ് ഐഎൻടിയുസി ജനറൽ സെക്രട്ടറി ചാല നാസർ, യുഡിഇഇഎഫ് സംസ്ഥാന ജനറൽ സെക്രട്ടറി കെ പി സുനിൽകുമാർ, കോൺഫെഡറേഷൻ ഭാരവാഹികളായ നസീർ, സജീവ്, യമുന, ജംഹർ, ഷമീം, സുരേഷ്, കുര്യാച്ചൻ, കലേഷ് കുമാർ, തോമസ്, ഗിരീഷ്, രാധാകൃഷ്ണൻ തുടങ്ങിയവർ സംസാരിച്ചു.

# മന്ത്രി നോക്കുത്തി; കെ.എസ്.ഇ.ബിയിൽ ഇടത് യൂനിയനുകളുടെ ഭരണം -ഹസൻ




ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ വൈദ്യുതി ഭവന് മുന്നിൽ സംഘടിപ്പിച്ച രാപ്പകൽ സമരം യു.ഡി.എഫ് കൺവീനർ എം.എം. ഹസൻ ഉദ്ഘാടനം ചെയ്യുന്നു

തിരുവനന്തപുരം: വൈദ്യുതി മന്ത്രിയെ നോക്കുത്തിയാക്കി ഇടത് യൂനിയനുകൾ വൈദ്യുതി ബോർഡ് ഭരിക്കുന്നെന്ന് യു.ഡി.എഫ് കൺവീനർ എം.എം. ഹസൻ.

യു.ഡി.എഫ് സർക്കാർ കുറഞ്ഞ വിലക്ക് ഒപ്പുവെച്ച ദീർഘകാല വൈദ്യുതി കരാർ റദ്ദാക്കി കൂടിയ വിലക്ക് വൈദ്യുതി വാങ്ങിയ വകയിൽ ബോർഡിനുണ്ടായ 600 കോടിയുടെ അധിക ബാധ്യത ഉപഭോക്താക്കളുടെ തലയിൽ കെട്ടിവെക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

ഇതിനെതിരായ ജനങ്ങളെ അണിനിരത്തി പ്രക്ഷോഭത്തിന് യു.ഡി.എഫ് നേതൃത്വം നൽകും. കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.ടി.യു.സി) വൈദ്യുതി ഭവന് മുന്നിൽ സംഘടിപ്പിച്ച രാപ്പകൽ സമരം ഉദ്ഘടാനം ചെയ്യുകയായിരുന്നു അദ്ദേഹം.

ജീവനക്കാരുടെ ഡി.എ കുടിശിക, ക്ഷാമബത്ത തുടങ്ങിയ ആനുകൂല്യങ്ങൾ ഉടൻ നൽകുക, ഇലക്ട്രിസിറ്റി വർക്കർമാരുടെ പ്രമോഷൻ ഉടൻ നടത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരം.

കോൺഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് കെ.പി. ധനപാലൻ അധ്യക്ഷത വഹിച്ചു. ഡി.സി.സി പ്രസിഡന്റ് പാലോട് രവി, കോൺഫെഡറേഷൻ വർക്കിങ് പ്രസിഡന്റ് അഡ്വ. സിബിക്കുട്ടി ഫ്രാൻസിസ്, ജനറൽ സെക്രട്ടറി വി. സുധീർ കുമാർ, ട്രഷറർ എം. നസീർ, കെ.പി. സുനിൽ കുമാർ, ഷാഫി, സജീവ് സി.എസ്, സി.എസ്. യമുന, കെ.എം. ജംഹർ, എം. നിഷാദ്, മുഹമ്മദ് ഷമീം, ഗോവിന്ദൻ ഇട്ടപ്പാടൻ, കെ. രഞ്ജിത്ത്, പി.ഐ. അജയൻ, ജയകുമാർ എസ്, നോളാൻ ജോ, രാജേഷ് ബി. നായർ, ഷാഹുൽ ഹമീദ്, ഖാജ കെ, കെ. ദാമോദരൻ, പി. ശ്രീവത്സൻ എന്നിവർ സംസാരിച്ചു.

മാധ്യമം

# മന്ത്രി നോക്കുത്തി; കെ.എസ്.ഇ.ബിയിൽ ഇടത് യൂനിയനുകളുടെ ഭരണം -ഹസൻ




*ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ വൈദ്യുതി ഭവന് മുന്നിൽ സംഘടിപ്പിച്ച രാപ്പകൽ സമരം യു.ഡി.എഫ് കൺവീനർ എം.എം. ഹസൻ ഉദ്ഘാടനം ചെയ്യുന്നു*

**തിരുവനന്തപുരം:** വൈദ്യുതി മന്ത്രിയെ നോക്കുത്തിയാക്കി ഇടത് യൂനിയനുകൾ വൈദ്യുതി ബോർഡ് ഭരിക്കുന്നെന്ന് യു.ഡി.എഫ് കൺവീനർ എം.എം. ഹസൻ.

യു.ഡി.എഫ് സർക്കാർ കുറഞ്ഞ വിലക്ക് ഒപ്പുവെച്ച ദീർഘകാല വൈദ്യുതി കരാർ റദ്ദാക്കി കൂടിയ വിലക്ക് വൈദ്യുതി വാങ്ങിയ വകയിൽ ബോർഡിനുണ്ടായ 600 കോടിയുടെ അധിക ബാധ്യത ഉപഭോക്താക്കളുടെ തലയിൽ കെട്ടിവെക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

ഇതിനെതിരായ ജനങ്ങളെ അണിനിരത്തി പ്രക്ഷോഭത്തിന് യു.ഡി.എഫ് നേതൃത്വം നൽകും. കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.ടി.യു.സി) വൈദ്യുതി ഭവന് മുന്നിൽ സംഘടിപ്പിച്ച രാപ്പകൽ സമരം ഉദ്ഘടാനം ചെയ്യുകയായിരുന്നു അദ്ദേഹം.

ജീവനക്കാരുടെ ഡി.എ കുടിശിക, ക്ഷാമബത്ത തുടങ്ങിയ ആനുകൂല്യങ്ങൾ ഉടൻ നൽകുക, ഇലക്ട്രിസിറ്റി വർക്കർമാരുടെ പ്രമോഷൻ ഉടൻ നടത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരം.

കോൺഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് കെ.പി. ധനപാലൻ അധ്യക്ഷത വഹിച്ചു. ഡി.സി.സി പ്രസിഡന്റ് പാലോട് രവി, കോൺഫെഡറേഷൻ വർക്കിങ് പ്രസിഡന്റ് അഡ്വ. സിബിക്കുട്ടി ഫ്രാൻസിസ്, ജനറൽ സെക്രട്ടറി വി. സുധീർ കുമാർ, ട്രഷറർ എം. നസീർ, കെ.പി. സുനിൽ കുമാർ, ഷാഫി, സജീവ് സി.എസ്, സി.എസ്. യമുന, കെ.എം. ജംഹർ, എം. നിഷാദ്, മുഹമ്മദ് ഷമീം, ഗോവിന്ദൻ ഇട്ടപ്പാടൻ, കെ. രഞ്ജിത്ത്, പി.ഐ. അജയൻ, ജയകുമാർ എസ്, നോളാൻ ജോ, രാജേഷ് ബി. നായർ, ഷാഹുൽ ഹമീദ്, ഖാജ കെ, കെ. ദാമോദരൻ, പി. ശ്രീവത്സൻ എന്നിവർ സംസാരിച്ചു.

10/01/2024 | TRIVANDRUM | Page : 03
Source : https://epaper.madhyamam.com

9053)

# മന്ത്രിയെ നോക്കുകുത്തിയാക്കി ഇടത് യൂണിയനുകൾ കെ.എസ്.ഇ.ബി. ഭരിക്കുന്നു- എം.എം.ഹസൻ



കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.ടി.യു.സി.) പട്ടം വൈദ്യുതി ഭവനു മുന്നിൽ സംഘടിപ്പിച്ച രാപകൽ സമരം യു.ഡി.എഫ്. കൺവീനർ എം.എം.ഹസൻ ഉദ്ഘാടനം ചെയ്യുന്നു

**തിരുവനന്തപുരം ▸** വൈദ്യുതി മന്ത്രിയെ നോക്കുകുത്തിയാക്കി ഇടത് യൂണിയനുകൾ വൈദ്യുതി ബോർഡ് ഭരിക്കുകയാണെന്ന് യു.ഡി.എഫ്. കൺവീനർ എം.എം.ഹസൻ. കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.ടി.യു.സി.) പട്ടം വൈദ്യുതി ഭവനു മുന്നിൽ സംഘടിപ്പിച്ച രാപകൽ സമരം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങിയ വകയിൽ വൈദ്യുതി ബോർഡിനുണ്ടായ ഏകദേശം 600 കോടിയുടെ അധിക ബാധ്യത ഉപഭോക്താക്കളുടെ തലയിൽ കെട്ടിവെയ്ക്കാനാണ് സർക്കാരിന്റെ ശ്രമം. ഇതിനെതിരേ ശക്തമായ പ്രക്ഷോഭത്തിന് യു.ഡി.എഫ്. നേതൃത്വം നൽകുമെന്ന് അദ്ദേഹം പറഞ്ഞു.

വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന ഇലക്ട്രിസിറ്റി വർക്കർമാരുടെ പ്രമോഷൻ നടത്തുക, ജീവനക്കാരുടെ ഡി.എ. കുടിശ്ശിക, ക്ഷാമബത്ത തുടങ്ങിയ ആനുകൂല്യങ്ങൾ കൊടുത്തുതീർക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് കെ.പി.ധനപാലൻ അധ്യക്ഷത വഹിച്ചു.

ഡി.സി.സി. പ്രസിഡന്റ് പാലോട് രവി, സംസ്ഥാന വർക്കിങ് പ്രസിഡന്റ് സിബിക്കുട്ടി ഫ്രാൻസിസ്, ജനറൽ സെക്രട്ടറി വി.സുധീർകുമാർ, ട്രഷറർ എം. നസീർ, യു.ഡി.ഇ.ഇ.എഫ്. ജനറൽ സെക്രട്ടറി കെ.പി.സുനിൽകുമാർ, കെ.എസ്.ഇ.ബി. ഇ.ഒ.(എസ്.ടി.യു.) സംസ്ഥാന സെക്രട്ടറി ഷാഫി, കോൺഫെഡറേഷൻ സംസ്ഥാന ഭാരവാഹികളായ സജീവ്, യമുന, കെ.എം. ജംഹർ എന്നിവർ സംസാരിച്ചു.



വർഷങ്ങളായി മുടങ്ങി കിടക്കുന്ന വർക്കർമാരുടെ പ്രമോഷൻ നടപ്പിലാക്കുക, അഴിമതിയും ധൂർത്തും മൂലം കടക്കെണിയിലായ വൈദ്യുതി ബോർഡിന്റെ സാമ്പത്തിക സ്ഥിതിയുടെ ധവളപത്രം ഇറക്കുക, ക്ഷാമബത്ത കുടിശ്ശിക അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് കേരള ഇലക്ട്രിസിറ്റി എംപ്ലോയിസ് കോൺഫെഡറേഷൻ (ഐ.എൻ.ടി.യു.സി) പട്ടം വൈദ്യുതി ഭവനിൽ സംഘടിപ്പിച്ച രാപ്പകൽ സമരം യു.ഡി.ഫ് കൺവീനർ എം.എം ഹസ്സൻ ഉദ്ഘാടനം ചെയ്യുന്നു

# മന്ത്രിയെ നോക്കുകുത്തിയാക്കി ഇടത് യൂണിയനുകൾ കെ.എസ്.ഇ.ബി. ഭരിക്കുന്നു- എം.എം.ഹസൻ

**തിരുവനന്തപുരം ▸** വൈദ്യുതി മന്ത്രിയെ നോക്കുകുത്തിയാക്കി ഇടത് യൂണിയനുകൾ വൈദ്യുതി ബോർഡ് ഭരിക്കുകയാണെന്ന് യു.ഡി.എഫ്. കൺവീനർ എം.എം.ഹസൻ. കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.ടി.യു.സി.) പട്ടം വൈദ്യുതി ഭവനു മുന്നിൽ സംഘടിപ്പിച്ച രാപകൽ സമരം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങിയ വകയിൽ വൈദ്യുതി ബോർഡിനുണ്ടായ ഏകദേശം 600 കോടിയുടെ അധിക ബാധ്യത ഉപഭോക്താക്കളുടെ തലയിൽ കെട്ടിവെയ്ക്കാനാണ് സർക്കാരിന്റെ ശ്രമം. ഇതിനെതിരേ ശക്തമായ പ്രക്ഷോഭത്തിന് യു.ഡി.എഫ്. നേതൃത്വം നൽകുമെന്ന് അദ്ദേഹം പറഞ്ഞു.

വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന ഇലക്ട്രിസിറ്റി വർക്കർമാരുടെ പ്രമോഷൻ നടത്തുക, ജീവനക്കാരുടെ ഡി.എ. കുടിശ്ശിക, ക്ഷാമബത്ത തുടങ്ങിയ ആനുകൂല്യങ്ങൾ കൊടുത്തു തീർക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.



▶ കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.ടി.യു.സി.) പട്ടം വൈദ്യുതി ഭവനു മുന്നിൽ സംഘടിപ്പിച്ച രാപകൽ സമരം യു.ഡി.എഫ്. കൺവീനർ എം.എം.ഹസൻ ഉദ്ഘാടനം ചെയ്യുന്നു

കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് കെ.പി.ധനപാലൻ അധ്യക്ഷത വഹിച്ചു.

ഡി.സി.സി. പ്രസിഡന്റ് പാലോട് രവി, സംസ്ഥാന വർക്കിങ് പ്രസിഡന്റ് സിബിക്കുട്ടി ഫ്രാൻസിസ്, ജനറൽ സെക്രട്ടറി വി.സുധീർകുമാർ, ട്രഷറർ എം.നസീർ, യു.ഡി.ഇ.ഇ.എഫ്. ജനറൽ സെക്രട്ടറി കെ.പി.സുനിൽ കുമാർ, കെ.എസ്.ഇ.ബി. ഇ.ഒ.(എസ്.ടി.യു.) സംസ്ഥാന സെക്രട്ടറി ഷാഫി, കോൺഫെഡറേഷൻ സംസ്ഥാന ഭാരവാഹികളായ സജീവ്, യമുന, കെ.എം. ജംഹർ എന്നിവർ സംസാരിച്ചു.

# വൈദ്യുതി വാങ്ങൽ കരാർ റദ്ദാക്കിയതിന് പിന്നിലെ അഴിമതി അന്വേഷിക്കണം: കെ മുരളീധരൻ

തിരുവനന്തപുരം: യുഡിഎഫ് ഭരണകാലത്ത് ഒപ്പുവച്ച വൈദ്യുതി വാങ്ങൽ കരാർ റദ്ദാക്കി കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങിയതിലൂടെ കെഎസ്ഇബിക്ക് സാമ്പത്തിക നഷ്ടം വരുത്തിവച്ചതിന് പിന്നിലെ അഴിമതി അന്വേഷിച്ച് ഉത്തരവാദികളെ ശിക്ഷിക്കണമെന്ന് കെ.മുരളീധരൻ എംപി പ്രസ്താവിച്ചു. പിഎസ്സിയെ നോക്കുകുത്തിയാക്കി വിവിധ സ്ഥാപനങ്ങളിൽ സിപിഎം അനുഭാവികളെ കുത്തിനിറക്കുകയാണ്. ഘടകകക്ഷി മന്ത്രിയെ മൂകസാക്ഷിയാക്കി സിപിഎമ്മിന്റേയും സിഐടിയുവിന്റേയും അജണ്ടകളാണ് വൈദ്യുതി ബോർഡിൽ നടപ്പിലാക്കുന്നത്. വൈദ്യുതോൽപ്പാദനം വർധിപ്പിക്കുവാൻ ആവശ്യമായ ക്രിയാത്മക നടപടികൾ സ്വീകരിക്കാത്ത കഴിഞ്ഞ ഏഴര വർഷത്തെ ഇടതുഭരണം തികഞ്ഞ പരാജയമായിരുന്നു. കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐഎൻടിയുസി) സംസ്ഥാന കമ്മിറ്റി തിരുവനന്തപുരം വൈദ്യുതി ഭവന് മുന്നിൽ സംഘടിപ്പിച്ച രാപ്പകൽ സമരത്തിന്റെ സമാപന യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.



*കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐഎൻടിയുസി) സംസ്ഥാന കമ്മിറ്റി തിരുവനന്തപുരം വൈദ്യുതി ഭവന് മുന്നിൽ സംഘടിപ്പിച്ച രാപ്പകൽ സമരത്തിന്റെ സമാപന യോഗം കെ മുരളീധരൻ എംപി ഉദ്ഘാടനം ചെയ്യുന്നു*

സംസ്ഥാന പ്രസിഡന്റ് കെ പി ധനപാലൻ അധ്യക്ഷത വഹിച്ചു. മാത്യു കുഴൽനാടൻ എംഎൽഎ, കെപിസിസി ജനറൽ സെക്രട്ടറി ജി സുബോധൻ, ഐഎൻടിയുസി അഖിലേന്ത്യ സീനിയർ സെക്രട്ടറി കെ സുരേഷ് ബാബു, കോൺഫെഡറേഷൻ സംസ്ഥാന വർക്കിങ് പ്രസിഡന്റ് സിബികുട്ടി ഫ്രാൻസിസ്, ജനറൽ സെക്രട്ടറി വിസുധീർകുമാർ, ചുമട്ടുതൊഴിലാളി കോൺഗ്രസ് ഐഎൻടിയുസി ജനറൽ സെക്രട്ടറി ചാല നാസർ, യുഡിഇഇഎഫ് സംസ്ഥാന ജനറൽ സെക്രട്ടറി കെ പി സുനിൽകുമാർ, കോൺഫെഡറേഷൻ ഭാരവാഹികളായ നസീർ, സജീവ്, യമുന, ജംഹർ, ഷമീം, സുരേഷ്, കുര്യാച്ചൻ, കലേഷ് കുമാർ, തോമസ്, ഗിരീഷ്, രാധാകൃഷ്ണൻ . തുടങ്ങിയവർ സംസാരിച്ചു.

## വൈദ്യുതി ബോർഡ്: ധവളപത്രം ഇറക്കണമെന്ന് എം.എം ഹസൻ

തിരുവനന്തപുരം● ഇടതു സർക്കാരിന്റെ കെടുകാര്യസ്ഥതയും അഴിമതിയും ധൂർത്തുംമൂലം കടക്കെണിയിലായ വൈദ്യുതി ബോർഡിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച ധവളപത്രം പുറത്തിറക്കണമെന്ന് യുഡിഎഫ് കൺവീനർ എം.എം ഹസൻ. ജീവനക്കാരുടെ ഡി.എ, ക്ഷാമബത്ത കുടിശിക വിതരണം ചെയ്യുക. പ്രമോഷൻ നടത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (എഎൻടിയുസി) പട്ടം വൈദ്യുതി ഭവന് മുന്നിൽ നടത്തിയ രാപ്പകൽ സമരം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 600 കോടിയുടെ അധിക ബാധ്യത ഉപഭോക്താക്കളുടെ തലയിൽ കെട്ടിവയ്ക്കാനാണ് ഇടത് സർക്കാർ ശ്രമിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ പ്രസിഡന്റ് കെ.പി ധനപാലൻ അധ്യക്ഷത വഹിച്ചു. ഡിസിസി പ്രസിഡന്റ് പാലോട് രവി, സംസ്ഥാന വർക്കിങ് പ്രസിഡന്റ് സിബിക്കുട്ടി ഫ്രാൻസിസ്, ജനറൽ സെക്രട്ടറി വി.സുധീർ കുമാർ, ട്രഷറർ എം. നസീർ, യുഡിഇഇഎഫ് ജനറൽ സെക്രട്ടറി കെ.പി സുനിൽ കുമാർ, കെഎസ്ഇഹി ഇഒ (എസ്ടിയു) സംസ്ഥാന സെക്രട്ടറി ഷാഫി തുടങ്ങിയവർ പ്രസംഗിച്ചു.




കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ പട്ടം വൈദ്യുതി ഭവനു മുന്നിൽ ആരംഭിച്ച രാപകൽ സമരം യുഡിഎഫ് കൺവീനർ എംഎം.ഹസൻ ഉദ്ഘാടനം ചെയ്യുന്നു. പാലോട് രവി, സിബിക്കുട്ടി ഫ്രാൻസിസ്, കെ.പി.ധനപാലൻ, കെ.പി.സുനിൽ കുമാർ, സി.എസ്.യമുന തുടങ്ങിയവർ സമീപം.

**കൊച്ചുപമ്പ ഗെസ്റ്റ് ഹൗസ് വിവാദം**

## വൈദ്യുതി ബോർഡ് തിരുത്തി: മകരവിളക്കിന് ദേവസ്വം ബോർഡിനു മുറികൾ നൽകും

■ പരാതി മുഖ്യമന്ത്രിക്കു മുന്നിലെത്തി

തിരുവനന്തപുരം● കൊച്ചുപമ്പ ഗെസ്റ്റ് ഹൗസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് മുറികൾ നിഷേധിച്ച നടപടി കെഎസ്ഇബി പിൻവലിച്ചു. സുരക്ഷാ കാരണങ്ങൾ മുൻനിർത്തി ഇത്തവണ മുറികൾ അനുവദിക്കാനാകില്ലെന്നു കഴിഞ്ഞ ദിവസം കെഎസ്ഇബി, ദേവസ്വം ബോർഡിനെ അറിയിച്ചിരുന്നു. ദേവസ്വം ബോർഡ് സംഘവും സർക്കാർ ഉദ്യോഗസ്ഥരും പൊലീസും മകരജ്യോതിക്കു പൊന്നലമേട്ടിലേക്ക് എല്ലാ വർഷവും ഇവിടെ നിന്നാണ് തയാറെടുപ്പുകളോടെ പുറപ്പെട്ടിരുന്നത്. ആദ്യമായാണ് ബോർഡിന് മുറികൾ നിഷേധിച്ചത്. ഇക്കാര്യം ഇന്നലെ മുഖ്യമന്ത്രിയുടെ ഓഫിസിൽ പരാതിയായെത്തി. ഇതേ തുടർന്നാണ് അടിയന്തരമായി തീരുമാനം പിൻവലിച്ചത്.

മകരവിളക്കിനോട് അനുബന്ധിച്ച് 14,15 തീയതികളിലാണ് ബോർഡ് ഇവിടെ മുറികൾ ബുക്ക് ചെയ്തിരുന്നത്.

---

## കെ.എസ്.ഇ.ബി ഭരിക്കുന്നത് ഇടതു യൂണിയനുകൾ: ഹസ്സൻ



രാപ്പകൽ സമരം യു.ഡി.എഫ് കൺവിനർ എം.എം ഹസൻ ഉദ്ഘാടനം ചെയ്യുന്നു

തിരുവനന്തപുരം: വൈദ്യുതി മന്ത്രിയെ നോക്കുത്തിയാക്കി ഇടതു യൂണിയനുകൾ വൈദ്യുതി ബോർഡ് ഭരിക്കുകയാണെന്ന് യു.ഡി.എഫ് കൺവിനർ എം.എം.ഹസ്സൻ.കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.ടി.യു.സി) പട്ടം വൈദ്യുതി ഭവന് മുന്നിൽ സംഘടിപ്പിച്ച രാപ്പകൽ സമരം ഉദ്ഘടാനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് കെ.പി ധനപാലൻ എക്സ്. എം.പിയുടെ അധ്യക്ഷത വഹിച്ചു. ഡിസിസി പ്രസിഡന്റ് പാലോട് രവി, സംസ്ഥാന വർക്കിങ് പ്രസിഡന്റ് അഡ്വ. സിബിക്കുട്ടി ഫ്രാൻസിസ്, ജനറൽ സെക്രട്ടറി വി.സുധീർ കുമാർ, ട്രഷറർ എം. നസീർ സംസാരിച്ചു.

സംസാരിക്കുന്ന എഐസിസി ജനറൽ സെക്രട്ടറി കെ സി വേണുഗോപാൽ.

# മന്ത്രിയെ നോക്കുകുത്തിയാക്കി ഇടതു യൂണിയനുകൾ കെഎസ്ഇബി ഭരിക്കുന്നു: എം.എം ഹസൻ



കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ പട്ടം വൈദ്യുതി ഭവന് മുന്നിൽ സംഘടിപ്പിച്ച രാപ്പകൽ സമരം യുഡിഎഫ് കൺവീനർ എം എം ഹസൻ ഉദ്ഘാടനം ചെയ്യുന്നു.

തിരുവനന്തപുരം: വൈദ്യുതി മന്ത്രിയെ നോക്കുത്തിയാക്കി ഇടതുയൂണിയനുകൾ വൈദ്യുതി ബോർഡ് ഭരിക്കുകയാണെന്ന് യുഡിഎഫ് കൺവീനർ എം എം ഹസൻ.

പവർകട്ടും ലോഡ് ഷെഡ്ഡിങ്ങും ഒഴിവാക്കുന്നതിനായി യുഡിഎഫ് സർക്കാർ കുറഞ്ഞ വിലയ്ക്ക് ഒപ്പുവച്ച ദീർഘകാല വൈദ്യുതി കരാർ റദ്ദാക്കി കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങിയ വകയിൽ വൈദ്യുതി ബോർഡിനുണ്ടായ ഏകദേശം 600 കോടിയുടെ അധിക ബാധ്യത ഉപഭോക്താക്കളുടെ തലയിൽ കെട്ടിവയ്ക്കാനാണ് ഇടത് സർക്കാർ ശ്രമിക്കുന്നത്. ഇതിനെതിരായ ജനങ്ങളെ അണിനിരത്തി ശക്തമായ പ്രക്ഷോഭത്തിന് യുഡിഎഫ് നേതൃത്വം നൽകും.

ഇടത് സർക്കാരിന്റെ കെടുകാര്യസ്ഥതയും അഴിമതിയും ധൂർത്തുംമൂലം കടക്കെണിയിലായ വൈദ്യുതി ബോർഡിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച ധവളപത്രം പുറത്തിറക്കണം.

വർഷങ്ങളായി മുടങ്ങികിടക്കുന്ന ഇലക്ട്രിസിറ്റി വർക്കർമാരുടെ പ്രമോഷൻ ഉടൻ നടത്തുക, ജീവനക്കാരുടെ ഡിഎ കുടിശിക, ക്ഷാമബത്ത തുടങ്ങിയ ആനുകൂല്യങ്ങൾ ഉടൻ കൊടുത്തു തീർക്കണമെന്നും അദ്ദേഹം പറഞ്ഞു.

കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐഎൻടിയുസി) പട്ടം വൈദ്യുതി ഭവന് മുന്നിൽ സംഘടിപ്പിച്ച രാപ്പകൽ സമരം ഉദ്ഘടാനം ചെയ്തു സംസാരിക്കുകയായിരുന്നു ഹസൻ.

സംസ്ഥാന പ്രസിഡന്റ് കെ. പി ധനപാലൻ മുൻ എംപി അധ്യക്ഷത വഹിച്ചു.

ഡിസിസി പ്രസിഡന്റ് പാലോട് രവി, സംസ്ഥാന വർക്കിങ് പ്രസിഡന്റ് സിബിക്കുട്ടി ഫ്രാൻസിസ്, ജനറൽ സെക്രട്ടറി വി.സുധീർ കുമാർ, ട്രഷറർ എം.നസീർ, കെ പി സുനിൽ കുമാർ, ഷാഫി, സജീവ് സി എസ്, സി എസ് യമുന, കെ എം ജംഹർ, എം നിഷാദ്, മുഹമ്മദ് ഷമീം, ഗോവിന്ദൻ ഇട്ടപ്പാടൻ, കെ രഞ്ജിത്ത്, പി ഐ അജയൻ, ജയകുമാർ എസ്, നോളൻ ജോ, രാജേഷ് ബി നായർ, ഷാഹുൽ ഹമീദ്, ഖാജ കെ, കെ ദാമോദരൻ, പി ശ്രീവത്സൻ സംസാരിച്ചു.

# വനിതാ നേതാവിനെ അപമാന കമ്മിറ്റി അംഗത്തെ സസ്പെൻ

പത്തനംതിട്ട: എൻജിഒ യൂണിയൻ വനിതാ നേതാവിനെ ലൈംഗിക ഉദ്ദേശ്യത്തോടെ അപമാനിക്കുവാൻ ശ്രമിച്ചതായി പരാതി ഉയർന്ന സാഹചര്യത്തിൽ സിപിഎം കോന്നി ഏരിയാ കമ്മറ്റി അംഗം സംഗേഷ് ജി. നായരെ ഒരു വർഷത്തേക്ക് പാർട്ടിയിൽ നിന്ന് സസ്പെൻഡ് ചെയ്തു. ഇന്നലെ ചേർന്ന ഏരിയാ കമ്മിറ്റി യോഗത്തിന്റേതാണ് തീരുമാനം.

സംഗേഷിനെതിരെ ലഭിച്ച പരാതി പാർട്ടി പരിശോധിക്കുകയും അന്വേഷണത്തിന് കമ്മിഷനെ നിയോഗിക്കുകയും ചെയ്തിരുന്നു. പരാതി ശരിയാണെന്ന് കണ്ടെത്തിയ കമ്മീഷൻ നടപടിക്ക് ശിപാർശ ചെയ്തു. എന്നാൽ കെ.യു.ജനീഷ് കുമാർ എംഎൽഎയുടെ വിശ്വസ്തനായ സംഗേഷിനെതിരേ നടപടി ഉണ്ടായില്ല.

വാർത്ത വന്നതിനെ തുടർന്ന് കേന്ദ്ര-സംസ്ഥാനകമ്മിറ്റി അംഗങ്ങളും അതൃപ്തി അറിയിച്ചിരുന്നു. തുടർന്ന് സംഗേഷിനെ ചേർത്തു പിടിച്ചുള്ള ചിത്രം എംഎൽഎ ഫേസ്ബുക്ക് പ്രൊഫൈൽ ചിത്രമാക്കി. അതേസ